File No.FWLD-A1/70/2019-FWLD

23912
30/12/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

അരിമണിക്കാട് III - ഇ.എഫ്.എൽ ബീറ്റിൽ സർവ്വെ നം.2/52ലെ മരം മുറി - ശ്രീ.ടി.എസ്.സുരേന്ദ്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറി(റിട്ട.)-നെതിരെയുള്ള അച്ചടക്ക നടപടി - പൂർണ്ണമായും കുറ്റവിമുക്തനാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.322/2019/വനം** തിരുവനന്തപുരം, തീയതി, 09/08/2019

പരാമർശം:- (1) 07.04.2016-ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)-ന്റെ വി.ഇ.4-56453/14 നമ്പർ കത്ത്

(2) 08.06.2018-ലെ 587040/എ1/16/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

(3) 14.08.2018 തീയതിയായി ശ്രീ.ടി.എസ്.സുരേന്ദ്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച വിശദീകരണം

(4) 08.02.2019-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി5-20092/16 നമ്പർ കത്ത്

ഉത്തരവ്

പാലക്കാട് ഡിവിഷനിലെ ഒലവക്കോട് റെയിഞ്ചിൽ മുണ്ടൂർ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലുള്ള സർവ്വേ നം.2/25-ലെ സ്ഥലത്തെ ഇ.എഫ്.എൽ. നിന്നും ഒഴിവാക്കാനായി മരങ്ങൾ മുറിച്ചു മാറ്റുന്നതിൽ സെക്ഷൻ സ്റ്റാഫ് ആവശ്യമായ നടപടി എടുത്തില്ല എന്ന പരാതിയിൽ അന്വേഷണം നടത്തി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ടി.എസ്.സുരേന്ദ്രൻ കുറ്റക്കാരനാണെന്ന് പരാമർശം (1) പ്രകാരം വനം വകുപ്പിലെ വിജിലൻസ് വിഭാഗം കണ്ടെത്തുകയുണ്ടായി.

2) ബഹു. വനം ട്രിബ്യൂണൽ വിധി പ്രകാരം വനം വകുപ്പിന് ലഭിച്ച 6.55 ഏക്കർ സ്ഥലത്ത് കയ്യേറ്റം തടയാൻ മേലധികാരികളുടെ നിർദ്ദേശമുണ്ടായിട്ടും തുടർനടപടി എടുത്തില്ല എന്നും മരംമുറി സംബന്ധിച്ച് തയ്യാറാക്കിയ മഹസ്സറിൽ അപാകതയുണ്ടായിരുന്നതായും 84,500/- രൂപയുടെ സർക്കാർ നഷ്ടമുണ്ടായതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ടി.എസ്.സുരേന്ദ്രന്റെ ഡി.സി.ആർ.ജി.യിൽ നിന്നും 84,500/- രൂപ ഈടാക്കുന്നതിനും കേരളാ സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 59 (ബി) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 100 രൂപ വീതം കുറയ്ക്കുന്നതിനും തീരുമാനിച്ച്

പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. ടിയാൻ പരാമർശം (3) പ്രകാരം വിശദീകരണവും അതിന്മേൽ പരാമർശം (4) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ടും ലഭ്യമാക്കി.

3) ശ്രീ.ടി.എസ്.സുരേന്ദ്രൻ, സർക്കാർ നഷ്ടം കുറച്ചു കാണിച്ച് മഹസ്സർ തയ്യാറാക്കിയവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതും ഒ.ആർ. 10/14 നമ്പർ കേസിലെ പ്രതികളെയും മരങ്ങൾ കടത്തിക്കൊണ്ടു പോയ വാഹനം കസ്റ്റഡിയിലെടുത്തിയിട്ടുള്ളതും പ്രസ്തുത കേസ് അന്വേഷണം പൂർത്തിയാക്കി ബഹു. കോടതി മുൻപാകെ ചാർജ്ജ് ചെയ്തിട്ടുള്ളതുമാണ്.ടി വസ്തുതകൾ പരിഗണിച്ച് ടിയാനെ സർക്കാർ നഷ്ടത്തിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലുള്ള വീഴ്ചയ്ക്ക് ഉചിത നടപടി സ്വീകരിക്കാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായപ്പെടുകയുണ്ടായി.

4) തുടർന്ന് ശ്രീ.ടി.എസ്.സുരേന്ദ്രൻ അഭ്യർത്ഥിച്ചതനുസരിച്ച് ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേൾക്കുന്ന സമയത്ത് ടിയാൻ ഉന്നയിച്ച വാദങ്ങളും അതിന്മേൽ വനം വകുപ്പാസ്ഥാനത്ത് നിന്ന് ലഭ്യമാക്കിയ റിപ്പോർട്ടും വിശദമായി പരിശോധിച്ചു.

5) പുതുപ്പെരിയാരം II വില്ലേജിലെ സർവ്വേ നം.53/3ബിയിൽ ഉൾപ്പെട്ട 6.55 ഏക്കർ അന്യാധീനപ്പെടാതെ സംരക്ഷിക്കുവാൻ മേലധികാരത്തുനിന്നും 24.01.2011-ന് നിർദ്ദേശമുണ്ടായിരുന്നുവെങ്കിലും ടി സ്ഥലം സർവ്വേ ചെയ്താൽ മാത്രമേ കൈയ്യേറ്റമടക്കമുള്ള നിജസ്ഥിതി വ്യക്തമാകൂ എന്ന നിലപാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്ന നിലയിൽ ടിയാൻ എടുത്തതുവഴി സ്ഥലം കൈയ്യേറ്റക്കാരുടെ അധീനതയിൽ തുടരുന്നതിനും മരം മുറിയ്ക്ക് കാരണമാകുകയും ചെയ്തു, തെറ്റായ മഹസ്സർ തയ്യാറാക്കുക വഴി സർക്കാരിന് നഷ്ടം വരുത്തിവച്ചു, എന്നിവയാണ് ടിയാനെതിരായി കാരണം കാണിക്കൽ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ള ക്രമക്കേടുകൾ.

ശ്രീ.ടി.എസ്.സുരേന്ദ്രൻ 01.08.2011-ലാണ് ഒലവക്കോട് റെയിഞ്ചിന്റെ ചാർജ്ജ് ഏറ്റെടുത്തിട്ടുള്ളത്. അതായത് 24.01.2011-ലെ നർദ്ദേശം അനുസരിച്ചിട്ടില്ല എന്ന ചാർജ്ജ് ടിയാനു ബാധകമല്ല. 18.12.2014-ന് മുണ്ടൂർ സെക്ഷൻ സ്റ്റാഫ് തയ്യാറാക്കിയ മഹസ്സർ പരിശോധിച്ച് വിറകിന്റെ അളവ് പുനർനിർണ്ണയിക്കുകയും നഷ്ടം കണക്കാക്കുകയുമാണ് ശ്രീ.സുരേന്ദ്രൻ ചെയ്തത്. ടിയാൻ സമർപ്പിച്ച വിശദീകരണം വ്യക്തവും വിശദവുമാണ്.

സർക്കാർ നഷ്ടത്തിന്റെ ബാദ്ധ്യതയിൽ നിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വന്ന വീഴ്ചയ്ക്ക് ടിയാനെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കാമെന്ന വകുപ്പിന്റെ നിലപാട് അനുചിതമാണ്. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വന്ന വീഴ്ച എന്താണ് എന്ന് സ്ഥാപിക്കാൻ തന്നെ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ അച്ചടക്ക നടപടിയ്ക്ക് ഇവിടെ

യാതൊരു പ്രസക്തിയുമില്ല. ഈ സാഹചര്യത്തിൽ ശ്രീ.ടി.എസ്.സുരേന്ദ്രനെ പൂർണ്ണമായും കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ.ടി.എസ്.സുരേന്ദ്രന്റെ പെൻഷൻ ആനുകൂല്യങ്ങൾ അടിയന്തിരമായി നൽകുന്നതിനുള്ള നടപടികൾ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തലത്തിൽ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീല എം**

**അണ്ടർ സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ടി.എസ് .സുരേന്ദ്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

വനം വന്യജീവി (പി എസ്) വകുപ്പ്

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by BIJI K
Date: 2019.08.09 12:43:09 IST
Reason: Approved

സെക്ഷൻ ഓഫീസർ